കേരള സർക്കാർ

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഏറിയാട് ഗ്രാമപഞ്ചായത്ത് - പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഗുണഭോക്താവിന്റെ സ്ഥലത്തിന് ചുറ്റുമതിൽ നിർമ്മിക്കാനുള്ള പ്രോജക്ട് - അനുമതി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്

സ.ഉ(സാധാ)നം. 74/2019/തസ്വഭവ തിരുവനന്തപുരം, തീയതി, 16.01.2019

പരാമർശം :- 1. ഏറിയാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 10.10.2018-ലെ കത്ത് .

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31/10/2018-ലെ 4.19 നമ്പർ തീരുമാനം .

**ഉത്തരവ്**

എറിയാട് ഗ്രാമപഞ്ചായത്തിന്റെ 2018-19 ലെ വാർഷിക പദ്ധതിയിൽ TSP വിഹിതമായി 1,60,000/- രൂപയാണ് ബജറ്റ് വിഹിതമായി ലഭിച്ചിട്ടുള്ളത്. പഞ്ചായത്തിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഏക ഗുണഭോക്താവായ ശ്രീഗോപിക്ക് പ്രസ്തുത തുക ഉപയോഗിച്ച് വസ്തുവിന് ചുറ്റുമതിൽ നിർമ്മിക്കാനുള്ള പ്രോജക്ട് നടപ്പാക്കാനുള്ള അനുമതിക്കായി പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2) വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ 31.10.2018 ൽ ചേർന്ന യോഗം ഈ വിഷയം വിശദമായി പരിശോധിച്ച പ്രസ്തുത യോഗത്തിന്റെ 4.19 നമ്പർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ, ഗുണഭോക്താവ് അർഹതയുള്ള ആളാണെങ്കിൽ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ടി പദ്ധതി നടപ്പാക്കാൻ അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
പാറ്റ്സി സ്റ്റീഫൻ
ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
സെക്രട്ടറി,ഏറിയാട് ഗ്രാമപഞ്ചായത്ത്,തൃശ്ശൂർ
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം. തിരുവനന്തപുരം
ഡയറക്ടർ, കേരള സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്, സ്റ്റേറ്റ് പ്ളാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം
ഓഫീസ് കോപ്പി/സ്റ്റോക്ക് ഫയൽ

പകർപ്പ്:- തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്
തദ്ദേശസ്വയംഭരണ വകുപ്പ് സെക്രട്ടറിയുടെ (റൂറൽ) പി.എയ്ക്ക്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ